File No.TCPPTA/260/2019-C

## നഗരാസൂത്രകന്റെ കാര്യാലയം പത്തനംതിട്ട
## നഗരാസൂത്രകന്റെ നടപടിക്രമം

നഗരാസൂത്രകന്റെ കാര്യാലയം , പത്തനംതിട്ട:-അരുവാപ്പലം ഗ്രാമ പഞ്ചായത്ത് കോൺക്രീറ്റ് വോൾട് നിർമ്മാണം- പാസ്റ്റർ പി.വി റെജി, ബഥേൽ അസ്സെംബ്ലി ഓഫ് ഗോഡ് ചർച്, കല്ലേലി പി.ഓ, കോന്നി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലെ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :- പാസ്റ്റർ പി.വി റെജി, ബഥേൽ അസ്സെംബ്ലി ഓഫ് ഗോഡ് ചർച് കല്ലേലി പി.ഓ, കോന്നിയുടെ 30/03/19 ലെ കത്ത്

**************************************************************

ഉത്തരവ് നമ്പർ:-TCPPTA/260/2019-C **06/04/2019**

**************************************************************

അരുവാപ്പലം ഗ്രാമ പഞ്ചായത്തിൽ അരുവാപ്പലം വില്ലേജിൽ സർവ്വേ നമ്പർ 540/1-1-583/1429 ൽ ഉൾപ്പെട്ട 6.02 ആർ വിസ്തീർണമുള്ള പ്ലോട്ടിൽ 64.06 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഭൂമിക്കടിയിലുള്ള (under ground) കോൺക്രീറ്റ് വോൾട് (Group.I– Hazardous Occupancy) നിർമിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമാണചട്ടം 2011 (KPBR -2011) , ചട്ടം 61 (1),(2), ചീഫ് ടൗൺ പ്ലാനറുടെ 03.1.2018 ലെ E3/13128/17 നമ്പർ ഉത്തരവ് എന്നിവയ്ക്ക് അനുസൃതമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടത്തിന്റെ ലേ-ഔട്ടിനും അംഗീകാരം നൽകുന്നു.

തഴപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/ എൻ.ഓ.സിഎന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി / ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ 2011 ലെ ചട്ടം.11 പ്രകാരം സ്ഥലത്തിന്റെ സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമാണാവകാശം, ഉടമസ്ഥാവകാശം എന്നിവയും നിർദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.

2. നിർദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരളം നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം

3. കട്ടിങ് / ഫില്ലിംഗ് എന്നിവയ്ക്ക് ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം

4. കേരളാ പഞ്ചായത്ത് കെട്ടിട നിർമാണച്ചട്ടം 2011 (KPBR -2011), ചട്ടം 61(4) പ്രകാരമുള്ള വാഹന ഗതാഗത യോഗ്യമായ വഴി (motorable acees) കെട്ടിടാനുമതി നൽകുന്നതിന് മുൻപ് പ്ലോട്ടിലേക്ക് നിർമ്മിക്കണം. വാഹനങ്ങൾ സുഗമമായും സുരക്ഷിതമായും കടന്നു പോകുന്ന വിധത്തിൽ വഴി വികസിപ്പിക്കണം.

6. സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന ലെവലിലേക്കു പ്ലോട്ട് മാറ്റപ്പെടുമ്പോഴും, റോഡ് നിർമ്മിക്കുമ്പോഴും സമീപ പ്ലോട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

8. നിർമ്മാണം കെ.പി.ബി.ആർ-2011 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം

**ഉള്ളടക്കം** : -അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ(സൈറ്റ്)

***സെക്രട്ടറി, അരുവാപ്പുലം ഗ്രാമ പഞ്ചായത്ത്***

**ANILKUMAR P, TP TPPTA, O/O TP TPPTA**

പകർപ്പ്:-

1 പാസ്റ്റർ പി.വി റെജി

ബഥേൽ അസ്സെംബ്ലി ഓഫ് ഗോഡ് ചർച്ച്

കല്ലേലി പി.ഓ , കോന്നി

2 ഓഫീസ് കോപ്പി

3 വെബ് സൈറ്റ്

4 അധികം